KAIRALI
AGRICULTURE MULTI STATE
CO-OPERATIVE SOCIETY LTD

# CARBON CREDIT PROJECT



സാമ്പത്തിക നേട്ടം സുസ്ഥിര കൃഷിയിലൂടെ



## കാർബൺ ക്രെഡിറ്റ് കൊണ്ട്  കർഷകർക്ക് എന്താണ് നേട്ടം?

ആഗോളതാപനത്തിന് കാരണമായ ഹരിതഗൃഹ വാതകങ്ങളുടെ വർദ്ധനവ് മറികടക്കുന്നതിനുള്ള ഏറ്റവും മികച്ച ഉപാധിയാണ് കാർബൺ ക്രെഡിറ്റ്. മലിനമാക്കപ്പെടുന്ന വായുവിന് ആഗോളമായി ഒരു സാമ്പത്തിക മൂല്യം കല്പിക്കുകയും, അത് **"സാമ്പത്തിക ആനുകൂല്യമായി"** കൃഷിഭൂമിയിലൂടെ കാർബൺ സ്വീകരണം നടത്തുന്ന കർഷകർക്ക് നൽകുകയും ചെയ്യുന്ന പദ്ധതിയാണ് '**കാർബൺ ക്രെഡിറ്റ് പ്രോജക്റ്റ്.**



## ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് കാർഷിക മേഖലയിലും പരിസ്ഥിതി സംരക്ഷണത്തിലും മറ്റനേകം പ്രയോജനങ്ങൾ ഉണ്ട്:

- സുസ്ഥിര (Sustainable) കൃഷി രീതികളിലേക്ക് മാറുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നു.
- മണ്ണിന്റെ ഗുണവും പോഷണവും പുനസ്ഥാപിക്കുന്നു.
- കാർബൺ ക്രെഡിറ്റ് പദ്ധതിയെയും അതിന്റെ നേട്ടങ്ങളെയും കുറിച്ച് അവബോധം വളർത്തുന്നു.
- നവീന രീതിയിലുള്ള ഇടവിള കൃഷിയും (inter-cropping) വിള പരിക്രമണവും (Crop Rotation)

# കാർബൺ ക്രെഡിറ്റ് പ്രോജക്ട്: പ്രവർത്തനക്രമം



1

**കൈരളി അഗ്രികൾച്ചർ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ** വെബ്സൈറ്റിലൂടെ കർഷകർക്ക് കാർബൺ ക്രെഡിറ്റ് പ്രോജക്ടിൽ അംഗത്വം എടുക്കാൻ സാധിക്കുന്നു.

2

**കൈരളി അഗ്രികൾച്ചർ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്** കൃഷിഭൂമി പരിപാലനത്തിലും സുസ്ഥിര കൃഷി രീതിയിലും വിദഗ്ധോപദേശം നൽകുന്നു





3

ഹരിതഗൃഹ വാതകങ്ങൾ വിലയിരുത്തുന്നതിനുള്ള **കൈരളി അഗ്രികൾച്ചർ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി** വിദഗ്ധസംഘം കൃഷിഭൂമിയിലെ കാർബൺ ഫൂട്ട് പ്രിന്റ് പരിശോധനാ നിർണയങ്ങൾ നടത്തുന്നു

4

കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും അതിന് GOLD/ VERRA ആഗോള മാനദണ്ഡത്തിൽ ഉള്ള കാർബൺ ക്രെഡിറ്റുകൾ ലഭ്യമാക്കുകയും ചെയ്യുന്നു.





5

സൊസൈറ്റി , കാർബൺ ക്രെഡിറ്റുകൾ വളണ്ടറി കാർബൺ ക്രെഡിറ്റ്സ് എക്സ്ചേഞ്ച് വഴിയോ നേരിട്ട് അന്താരാഷ്ട്ര/ ആഭ്യന്തര ഉപയോക്താക്കൾക്കോ വിപണനം നടത്തുന്നു.

6

കർഷകർക്ക് മണ്ണിന്റെ ഗുണവും പോഷണവും വർദ്ധിപ്പിക്കാൻ സാധിക്കുകയും കാർബൺ ക്രെഡിറ്റുകൾ വഴിയുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യുന്നു



## എന്തുകൊണ്ട് കാർബൺ ക്രെഡിറ്റ് പ്രോജക്ട്?

ഇന്ന് ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും ആശങ്കാജനകമായ പ്രശ്നങ്ങളാണ് ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനങ്ങളും. സുസ്ഥിര പദ്ധതികൾ (Sustainable projects) ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് ഭൂമിയെ സംരക്ഷിക്കുന്നതിനും വരുംതലമുറകളെ വിഭവശേഷണത്തിൽ നിന്നും വാസയോഗ്യമല്ലാത്ത കാലാവസ്ഥയിൽ നിന്നും പരിരക്ഷിക്കുന്നതിനും നമുക്ക് ചെയ്യാവുന്ന ഒരേയൊരു മാർഗം.

വർദ്ധിച്ചുവരുന്ന കാർഷികാവശ്യങ്ങൾക്ക് അനുസരിച്ച് കൃഷിഭൂമിയിലെ ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ നിയന്ത്രിക്കുക എന്നത് കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനുള്ള ഒരു പ്രധാന മാർഗമാണ്. അവലംബിക്കുന്ന രീതി അനുസരിച്ച് കാർഷിക, വന, മറ്റു ഭൂവിനിയോഗ (AFLOU)മേഖലകൾ കാർബൺ ഉറവിടമായും, കാർബൺ നിർഗമനത്തിനുള്ള ഹേതുവായും വർത്തിക്കുന്നു. നിലവിൽ, മനുഷ്യർ മൂലമുള്ള കാർബൺ ബഹിർഗമനത്തിലെ 25 ശതമാനവും ഇത്തരത്തിലുള്ളതാണ്. ഇന്ത്യയുടെ മൊത്തം ഹരിതഗൃഹ വാതക ബഹിർഗമനത്തിലെ 8 % മാത്രമാണ് ഈ മേഖലയിൽ നിന്നുള്ളത് എങ്കിലും, രാജ്യം പദ്ധതിയിടുന്ന 2070 ഓടെയുള്ള നെറ്റ് സീറോ എമിഷൻ (Net Zero Emission) എന്ന ലക്ഷ്യത്തിലേക്ക് മഹത്തായ ഒരു സംഭാവനയായിരിക്കും.

**കൈരളി അഗ്രികൾച്ചർ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്** ഞങ്ങളുടെ കാർബൺ ക്രെഡിറ്റ് പദ്ധതിയിലൂടെ കർഷകരുടെ ഒരു കൂട്ടായ്മ രൂപവൽക്കരിക്കുകയും, അവർക്ക് സുസ്ഥിര കാർഷിക രീതികൾ അവലംബിക്കാനുള്ള അവസരവും, അവരുടെ കൃഷി ഭൂമിയിൽനിന്ന് കാർബൺ ക്രെഡിറ്റുകളിലൂടെയുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള അവസരവും ലഭ്യമാക്കുന്നു

## ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| | | |
|---|---|---|
| മെച്ചപ്പെട്ട ഭൂവിനിയോഗം | മെച്ചപ്പെട്ട വളവും പോഷണ രീതികളും | കാർഷിക വനവത്കരണം |
| കാലാവസ്ഥാനിയോജ്യമായ സ്മാർട്ട് കൃഷി | ജന്തുജന്യ ഹരിതവാതക നിയന്ത്രണം | ജൈവവസ്തുക്കൾ കത്തിക്കുന്നത് ഒഴിവാക്കൽ |
| വനവൽക്കരണം | മികച്ച മാലിന്യ സംസ്കരണം | ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസം (സിഡിഎം) |

KAIRALI
AGRICULTURE MULTI STATE
CO-OPERATIVE SOCIETY LTD

**Kairali Agriculture Multi State Co-Operative Society Ltd.**
Regd.No.MSCS/CR/1346/2022,
Kovilakam Tower, Warriam lane,
Thekkemadom Road,
Thrissur-680001, Kerala, India

carboncreditproject

+91 8590600345

Associated with

Lo Carbon Solutions
For a green Future

+91 8590600720
+91 8590600453
www.kairalimscs.com
admin@kairalimscs.com
marketing@kairalimscs.com
latheesh@locarbonsolutions.com